Santhigiri

ഗുരുവാണി

"നിങ്ങളുടെ പ്രവൃത്തിയിൽക്കൂടി നിങ്ങൾക്കുവേണ്ട എല്ലാ നന്മയും എല്ലാ ഭാഗ്യവും വരുത്തിയെടുക്കാം "

# ഉമ്മിണിതങ്കം

VOL 03 | ISSUE 38 | 2017 സെപ്റ്റംബർ 3 | 1193 ചിങ്ങം 18

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# 'നവപൂജിതം' ആഘോഷങ്ങൾ ഭക്തിസാന്ദ്രമായി

**സ്പിരിച്വൽ സോൺ:** ഗുരുവിന്റെ 91 ാം ജന്മദിനപൂജിത സമർപ്പണം ആഘോഷം 'നവപൂജിതം' ലോകമെങ്ങുമുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടെ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ശാന്തിഗിരി പരമ്പര സമുചിതമായി പ്രാർത്ഥനാപൂർവം ആഘോഷിച്ച് ഗുരുവിന് സമർപ്പിച്ചു. ഇരുപത്തിയൊന്നു ദിവസത്തെ വ്രതശുദ്ധിയുടെ നിറവിൽ വിവിധ ജില്ലകളിൽനിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും എത്തിയ ആത്മബന്ധുക്കൾ നവപൂജിതം ആഘോഷത്തിൽ പങ്കെടുത്തു ധന്യത നേടി. ആശ്രമം ബ്രാഞ്ചുകളിൽ നിന്നുള്ള സന്ന്യാസിസന്ന്യാസിനിമാരും എത്തിച്ചേർന്നിരുന്നു.

രാവിലെ മൂന്നു മണി മുതൽ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ ആരംഭിച്ചു.അഞ്ചുമണിക്കുള്ള ആരാധനയ്ക്ക് ശേഷം ഗുരുധർമ്മപ്രകാശസഭാംഗങ്ങളുടെയും നിയുക്തരായ ആത്മബന്ധുക്കളുടെയും പുഷ്പാഞ്ജലി തുടർന്ന് ധ്വജാരോഹണം, ആത്മബന്ധുക്കളുടെ പുഷ്പസമർപ്പണം എന്നിവ നടന്നു.

തുടർന്ന് ഏഴര മണിയ്ക്ക് അഭിവന്ദ്യ ശിഷ്യപൂജിത സഹകരണ മന്ദിരത്തിൽ വച്ച് ആത്മബന്ധുക്കളോട് സംസാരിക്കുകയുണ്ടായി. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ജന്മദിന സന്ദേശം വായിച്ചു.

രാവിലെ പതിനൊന്നുമണിക്ക് റിസർച്ച് സോൺ ഹാളിൽ നടന്ന നവപൂജിതം സമ്മേളനം ശ്രീലങ്ക വിദേശകാര്യസഹ മന്ത്രി വസന്ത സേനാനായകെ ഉദ്ഘാടനം ചെയ്തു. ലോകത്തിന് ആത്മീയതയുടെ നവബോധം പകർന്നുനൽകുന്ന ഇടമാണ് ശാന്തിഗിരിയെന്ന് അദ്ദേഹം പറഞ്ഞു. ആത്മീയകേന്ദ്രങ്ങൾ ആത്മീയതയ്ക്കൊപ്പം സാഹോദര്യത്തിനും വേണ്ടി നിലകൊള്ളണം. ഗുരു എന്നത് ദൈവത്തിലേക്കുള്ള വഴിയാണ്. മനുഷ്യന്റെ ഭൗതികവും ആത്മീയപരവുമായ വളർച്ചയ്ക്ക് ആത്മബോധം പകർന്നു നൽകാൻ ഗുരുക്കന്മാർക്കും ജ്ഞാനികൾക്കും മാത്രമേ കഴിയൂ. ഗുരുവിന്റെ ഭൗതിക ജീവിതത്തിനു ശേഷവും ഗുരുവിന്റെ ചിന്തകളും ദർശനങ്ങളും ലോകത്തിനുപകർത്താൻ ആത്മീയ തുടർച്ചയായി ശാന്തിഗിരിയിൽ ഗുരുവിന്റെ ശിഷ്യപൂജിത ഉണ്ടെന്നുള്ളത് ഏറെ മഹത്തരമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സി. ദിവാകരൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ദേശീയ പട്ടികവർഗ കമ്മീഷൻ ചെയർമാൻ നന്ദകുമാർ സായി മുഖ്യാതിഥിയായി. അശാന്തിയും സമാധാനമില്ലായ്മയും മതതീവ്രവാദങ്ങളും പടർന്നുപിടിക്കുന്ന ഈ കാലഘട്ടത്തിൽ ലോക സമാധാനത്തിന് ശാന്തിഗിരി പ്രത്യാശയുടെ കേന്ദ്രമാണെന്ന് അദ്ദേഹം പറഞ്ഞു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായി. നവപൂജിതം സുവനീറിന്റെ പ്രകാശനം കേന്ദ്രസർക്കാർ തെലുങ്കാന ഔദ്യോഗിക പ്രതിനിധി ഡോ.എസ്. വേണുഗോപാലാചാരി ശാന്തിഗിരി ആശ്രമം ഉപദേശകസമിതി ജനറൽ കൺവീനർ ഡോ. കെ.എൻ.ശ്യാംപ്രസാദിന് നൽകിക്കൊണ്ട് നിർവഹിച്ചു. തിരുവനന്തപുരം ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത, സിന്ദൂരം ചാരിറ്റീസ് ചെയർമാൻ സബീർ തിരുമല, വാമനപുരം ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൻ ജി. കലാകുമാരി, ദേവി സ്കാൻസ് മാനേജിംഗ് ഡയറക്ടർ എസ്. നിസാറുദ്ദീൻ, മാണിക്കൽ ഗ്രാമപഞ്ചായത്ത് മെമ്പർ ആർ. സഹീറത്ത് ബീവി, ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം ജനറൽ കൺവീനർ ടി.കെ. ഉണ്ണികൃഷ്ണപ്രസാദ് , ഉപദേശകസമിതി അംഗം എസ്.കുമാർ, ഏരിയ ഡെപ്യൂട്ടി ജനറൽ മാനേജർമാരായ എൻ.പി. വേണുഗോപാൽ, എ.അബൂബക്കർ എന്നിവർ പ്രസംഗിച്ചു. ശാന്തിഗിരി ആശ്രമം ന്യൂഡൽഹി സോണൽ ഓഫീസ് ഇൻചാർജ് സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി സ്വാഗതവും സീനിയർ ജനറൽ മാനേജർ ഡി.പ്രദീപ് കുമാർ കൃതജ്ഞതയും പറഞ്ഞു.

*(ശേഷം നാലാം പേജിൽ )*



*നവപൂജിതദിനത്തിൽ നടന്ന ദീപം പ്രദക്ഷിണത്തിൽ നിന്ന്*

## ഭക്തിയുടെ നിറവിൽ അഭിവന്ദ്യ ശിഷ്യപൂജിതയെ സ്വീകരിച്ച് വിശ്വാസികൾ

**സ്പിരിച്വൽ സോൺ:** ഓഗസ്റ്റ് 29 ന് അഭിവന്ദ്യ ശിഷ്യപൂജിത നടത്തിയ ഗൃഹസന്ദർശനം വിശ്വാസിഹൃദയങ്ങൾക്ക് അനുഭൂതിയുടെ ധന്യത പകർന്നു. സന്ന്യാസിസന്ന്യാസിനിമാരുടെയും ആത്മബന്ധുക്കളുടെയും അകമ്പടിയോടെ രാവിലെ എട്ടര മണിയോടെ ആശ്രമത്തിൽ നിന്ന് യാത്ര തിരിച്ച ശിഷ്യപൂജിത ആദ്യം എത്തിച്ചേർന്നത് ചെമ്പഴന്തിയിലുള്ള ശ്രീ. എം.മോഹൻകുമാറിന്റെ 'ഗുരുപുഷ്പം' ഭവനത്തിലാണ്. ഒൻപത് മണിയോടെ അവിടെയെത്തിയ ശിഷ്യപൂജിതയ്ക്ക് വീട്ടുകാരുടെയും ആത്മബന്ധുക്കളുടെയും സ്നേഹോഷ്മള സ്വീകരണം ലഭിച്ചു. തുടർന്ന് ഭവനത്തിന്റെ ഗൃഹപ്രവേശനവും ഓങ്കാരപ്രതിഷ്ഠയും ശിഷ്യപൂജിത നിർവഹിച്ചു. 9.50 മണിയോടെ 'ഗുരുപുഷ്പം' ഭവനത്തിൽ നിന്ന് യാത്ര തിരിച്ച അഭിവന്ദ്യ ശിഷ്യപൂജിത 10.05 മണിക്ക് പോത്തൻകോട് യൂണിറ്റിൽ ശ്രീ. ഗുരുചിത്ത് നിർമ്മിച്ച 'ഗുരുദീപം' ഭവനത്തിലെത്തി. മുക്കാൽ മണിക്കൂറോളം ചെലവഴിച്ചശേഷം അവിടെ നിന്നും പുറപ്പെട്ട് 10.50 മണിയോടെ ശ്രീ.എ.രാജൻ പിള്ളയുടെ 'ശാന്തിദീപം' ഭവനം സന്ദർശിച്ചു. കുറച്ചുസമയം അവിടെ ചെലവഴിക്കുകയും അതിനുശേഷം 11.25 മണിയോടെ യാത്ര തിരിച്ച് ശ്രീ. എം. എൻ.സുരേഷിന്റെ 'ശാന്തിപുഷ്പം' ഭവനത്തിലെത്തിച്ചേർന്നു. 11.45 മണിയ്ക്ക് 'ശാന്തിപുഷ്പ'ത്തിൽ നിന്നും തിരിച്ച ശിഷ്യപൂജിത ഉച്ചയ്ക്ക് 12 മണിക്ക് സ്നേഹപുരം യൂണിറ്റിൽ ശ്രീ പ്രകാശൻ റ്റി.കെ. നിർമിച്ച 'ഗുരുകൃപ'ഭവനത്തിലെത്തി ഗൃഹപ്രവേശനവും ഓങ്കാര പ്രതിഷ്ഠയും നടത്തി. 12.40 മണിക്ക് ആ ഭവനത്തിൽ നിന്നും യാത്ര പുറപ്പെട്ട് കാഞ്ഞാംപാറ യൂണിറ്റിൽ ശ്രീ.കെ. സുഭാഷ് ചന്ദ്രൻ നിർമ്മിച്ച 'ഗുരുസ്തുതി' ഭവനത്തിലെത്തി അവിടെയും ഓങ്കാര പ്രതിഷ്ഠയും ഗൃഹപ്രവേശന കർമ്മവും നിർവഹിച്ചു. ഉച്ചഭക്ഷണത്തിനും വിശ്രമത്തിനും ശേഷം രണ്ടു മണിയോടെ യാത്ര തിരിച്ച ശിഷ്യപൂജിത 2.10 ന് ആശ്രമത്തിൽ തിരിച്ചെത്തി.

യാത്രയിലുടനീളം വിശ്വാസികളും ഗുരുഭക്തരും നാട്ടുകാരും ചേർന്ന് അഭിവന്ദ്യ ശിഷ്യപൂജിതയ്ക്ക് ഊഷ്മളമായ സ്വീകരണം ഒരുക്കിയിരുന്നു.



*പ്രാർത്ഥനയോടെ സ്വീകരണത്തിനൊരുങ്ങി വിശ്വാസികൾ*

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

നിങ്ങൾ അച്ഛനും അമ്മയും മക്കളുമായിട്ടാലോചിച്ച് ദൈവത്തിന്റെ വകയായി എനിക്കു ദാനമായി കിട്ടിയ ഈ വിഷയം ഓരോരുത്തരായി പങ്കുവച്ച് വളർത്തി ദൈവത്തിന്റെ വകയായിട്ടുതന്നെ കൊടുക്കണം. അതിന് നമുക്കൊരു ഒരുമ ആവശ്യമുണ്ട്. പക്ഷേ നിങ്ങളെ സംബന്ധിച്ച് ഒരു വീടു പോലും ഒരുമിപ്പിക്കാൻ കഴിയാത്തവരാണ്. അങ്ങനെയുള്ള നിങ്ങൾ എങ്ങനെ നാട് ഒരുമിപ്പിക്കും? അതുകൊണ്ട് എത്ര കഷ്ടപ്പെട്ടും നിങ്ങൾ വീടിനെ ഒരുമിപ്പിക്കുക. അതു മുഖേന നാടിനെയും രാജ്യത്തെയും ഒരുമിപ്പിക്കുക. അല്ലെങ്കിൽ നമ്മൾ വല്ല രാഷ്ട്രീയക്കാരുടെയോ അതുപോലുള്ള വല്ല കൊള്ളക്കാരുടെയോ അക്രമവാസനകളുടെ കൂടെ ഓടി തീർന്നുപോകും. അപ്പോൾ നമുക്ക് എന്താണാവശ്യം? നമ്മൾ എവിടെനിന്നു തുടങ്ങിയോ അവിടെത്തന്നെ നിന്നുകൊണ്ട് അറിവുനേടുക. അതായത് ബ്രഹ്മജ്ഞാനത്തിന് അവകാശമില്ലാത്ത ശൂദ്രൻ ബ്രഹ്മജ്ഞാനത്തിന് ഉതകുന്ന അറിവു നേടുക. പക്ഷേ കോടാനുകോടി വർഷങ്ങളിലൂടെ ദൈവം നമുക്കു തന്നിരിക്കുന്ന ആ നന്മയെ അറിഞ്ഞെടുക്കാൻ കഴിയാത്ത നിലയിൽ ലോകം കൊടുംപിരികൊണ്ടു നിൽക്കുകയാണ്. എന്നാലും നമുക്കു പേടിക്കാനില്ല. കാരണം, കൃഷ്ണൻ ജനിച്ച കാലത്തെക്കാൾ നല്ല കാലത്താണ് നമ്മൾ നിൽക്കുന്നത്. കൃഷ്ണൻ ജനിച്ചത് ത്രേതായുഗം ഇങ്ങോട്ടു വളർന്നുവന്ന ദ്വാപരത്തിലാണ്. ത്രേതായുഗത്തിന്റെയും ദ്വാപരത്തിന്റെയും ഭാഗം എങ്ങനെ മാറണം എന്ന് കൃഷ്ണന് അറിയാമായിരുന്നു. പക്ഷേ മാറ്റം ചെയ്യാൻ സാധിച്ചില്ല. നമ്മൾ വളർന്നെത്തി പ്രവർത്തിക്കുന്ന ഭാഗം നമ്മുടെ പിൻഗാമികളിൽക്കൂടി വളർന്നുവരുന്ന സത്യമാണ്. ആ സത്യം യാദവകുലത്തിൽ വരുത്താൻ കൃഷ്ണൻ അത്യധികം പണിപ്പെട്ടെങ്കിലും സാധിച്ചില്ല. തന്റെ സ്വന്തം മക്കളെ കൊലയ്ക്കുകൊടുക്കുകപോലും ചെയ്യേണ്ടിവന്നു കൃഷ്ണന്. ഇതൊക്കെയാണ് ശ്രീകൃഷ്ണനെപ്പറ്റി നമ്മൾ വിലയിരുത്തി അറിയേണ്ടത്. അതിനുപകരം കൃഷ്ണനെപ്പറ്റി നമ്മളെ പഠിപ്പിച്ചിരിക്കുന്നതെന്താണ്? അദ്ദേഹം ജനിച്ച വീട്ടിൽ തങ്ങാൻ പോലും വയ്യാത്തവിധം ചെയ്തിരിക്കുന്നു. എവിടെയെല്ലാം കൃഷ്ണൻ ഓടി? സകല രാജാക്കന്മാരുടെ സ്ഥലത്തും ഓടി. ഇത്രയും ഓടിയിട്ടും നിലനിൽക്കാൻ കഴിഞ്ഞില്ല. ഈ ത്യാഗവശങ്ങളൊക്കെ മറച്ചുവച്ചിട്ട് ഭഗവാന്റെ സ്തുതിഗീതങ്ങൾ പാടി സങ്കൽപിച്ചു വച്ചിരിക്കുകയാണ്. പക്ഷേ കർമമില്ലാതെ എങ്ങനെയൊക്കെ സങ്കൽപിച്ചാലും ഒക്കുകയില്ല. ഇതു നമുക്കറിയില്ല.

കർമമെന്നു പറയുന്നത്, കഴിഞ്ഞുപോയ കർമത്തിന്റെ ദോഷവും നിലവിലിരിക്കുന്നതും വരാൻ പോകുന്നതുമായ ഒരു പരിചയത്തെയാണ്. ഇതു നമുക്കുവേണ്ടി ഗുരുവോ രാജാവോ ഗവൺമെന്റോ സന്ദർഭത്തിന്റെ യോഗ്യതയ്ക്കൊത്ത് ചെയ്തൊതുക്കേണ്ടതാണ്. അതിനുപകരം നമ്മുടെ ഭരണകൂടം എങ്ങനെയിരിക്കുന്നു? നമ്മൾ എങ്ങനെയിരിക്കുന്നു? ഈ സ്ഥിതിയിൽ ഈ ലോകത്ത് നമുക്കെന്തു ചെയ്യാനൊക്കും? ഇതിന് സമാധാനം കിട്ടുന്നതാണ് ആശയം. ആശയം വിശ്വാസത്തിന്റെ ശക്തിക്കൊപ്പമാണ് വികസിക്കുന്നത്.

## വചനദീപ്തി

**'സത്യത്തിന്റേതായ ഒറ്റവാക്കെങ്കിലും ഞാൻ പറഞ്ഞെങ്കിൽ അത് എന്റെ ഗുരുവിന്റേതു മാത്രമാണ്. സത്യമല്ലാതെ, മനുഷ്യരാശിക്ക് അഹിതകരമായി വല്ലതും ഞാൻ പറഞ്ഞെങ്കിൽ, അതെല്ലാം എന്റേതു മാത്രം. അവയുടെ ഉത്തരവാദിത്വം എനിക്കു മാത്രമാണ്."**

സ്വാമി വിവേകാനന്ദൻ

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 സെപ്റ്റംബർ 3 മുതൽ 9 വരെ*

| | |
|---|---|
| **ഞായർ** | **– കരുണപുരം** |
| **തിങ്കൾ** | **– ശാന്തിഗിരി ജംഗ്ഷൻ** |
| **ചൊവ്വ** | **– ലക്ഷ്മിപുരം** |
| **ബുധൻ** | **– ആനന്ദപുരം** |
| **വ്യാഴം** | **– ജനസേവികപുരം** |
| **വെള്ളി** | **– രത്നഗിരി** |
| **ശനി** | **– സ്നേഹപുരം** |

## യാമപ്രാർത്ഥന

*2017 സെപ്റ്റംബർ 7 വ്യാഴം*

**ആനന്ദപുരം, പാലോട്ടുകോണം, പോത്തൻകോട്**

## പൗർണമി

*2017 സെപ്റ്റംബർ 05 ചൊവ്വ*

## പ്രകാശപഥം

# ഗുരുശിഷ്യബന്ധത്തിന്റെ അനുഭവവശം

സാധാരണ ജീവിതം നയിക്കുന്ന ആണിനും പെണ്ണിനും പോലും ഉയർന്ന ആത്മീയാനുഭവങ്ങൾ കിട്ടുന്നത് ശാന്തിഗിരി ഗുരുപരമ്പരയിൽ നിറഞ്ഞു നില്ക്കുന്ന ദൈവകനിവിന്റെ നിദാനമാണ്. ഒരു പൂവു പോലും ഈ ജന്മത്ത് എടുത്തിടാതെ നീണ്ട ആത്മീയ തപസ്യയോ ത്യാഗമോ ഇല്ലാതെ കൊടുംതാപസികൾക്കു പോലും അന്യമായ ആത്മീയാനുഭവങ്ങൾ വെറും സാധാരണക്കാരായ നിങ്ങൾക്കിവിടെ കിട്ടുകയാണ്. സ്പർശം, ദർശനം, വാക്ക് എന്നീ മാർഗങ്ങളിൽക്കൂടി ആണും പെണ്ണും വലുതും ചെറുതും ഭേദമില്ലാതെ ജാതിമതവർഗവ്യത്യാസമില്ലാതെ ഇത് അനുഭവിക്കുകയാണ്. ഇത് ജീവിതത്തിലെ ഏറ്റവും വിലയേറിയതായി കണ്ട് ആദരിച്ച് വേദനപ്പെട്ട് തന്റെ ജീവനും കുടുംബത്തിനും ഗോത്രത്തിനും വരെ മോചനത്തിനുതകുന്നവയാണിതെന്നു നിങ്ങൾ അറിഞ്ഞുകൊള്ളണം. ജീവിതം കൊണ്ട് സൂക്ഷിച്ചെടുക്കാൻ കഴിയണം എന്ന പ്രാർത്ഥനയും ഉറപ്പും ഓരോരുത്തർക്കും ഉണ്ടാകണം.

സാധാരണ കുടുംബജീവിതം നയിക്കുന്നവർ പ്രാർത്ഥിക്കുമ്പോഴും സങ്കല്പിക്കുമ്പോഴും ത്രിമൂർത്തി സമ്പ്രദായത്തിലും അതിനപ്പുറമുള്ള ആത്മീയാവസ്ഥയിലും നില്ക്കുന്ന ആരാധനാമൂർത്തികൾ പ്രത്യക്ഷത്തിൽ വന്ന് ഗുരുവിനെ നമസ്കരിക്കുകയും ഖേദപ്പെട്ട് പലതും പറയുകയും ചെയ്യുന്നത് കാണുകയും കേൾക്കുകയുമാണ്. ഇത് നിങ്ങൾ ഓരോരുത്തരും ആഴത്തിൽ ചിന്തിച്ചിട്ട് എന്തുപോലെ ഞാനിരിക്കണം, എങ്ങനെ ജീവിതം മുന്നോട്ടുകൊണ്ടുപോകണം എന്ന് സ്വയം തീരുമാനിക്കണം. കാരണം വെറും ഭൗതികത്തിലിരിക്കുന്നവർക്കു തന്നെ തന്റെ ആത്മശാന്തിക്കുതകുന്ന വക ഗുരു കാണിച്ചുകൊടുക്കുകയാണ്. അങ്ങനെ വലിയ മഹത്തായ ഒരു പരമ്പരയുടെ അവകാശപ്പെട്ട ഒരു ജീവിതമാണ് നിങ്ങൾക്കു തന്നിരിക്കുന്നത്.

നമ്മൾ ഇത് മനസിലാക്കിയിട്ട് ഈ ലോകത്തിന്റെ നീചവൃത്തി മാറിയിട്ട് ലോകത്തിന് എന്തൊക്കെ നന്മയാണോ എന്റെ ഗുരു കൊടുക്കേണ്ടത് അത് കൊടുക്കണം എന്നും അതിന് എന്തെങ്കിലും എന്റെ ഈ ശരീരം കൊണ്ട് നന്മ ചെയ്യാൻ കഴിയണമെ എന്നും ശുദ്ധമായ ഭക്തിഭാവത്തിൽ ആഗ്രഹിച്ച് പ്രാർത്ഥിച്ച് പ്രവർത്തിച്ചെടുക്കണം. ജീവൻ ഈ ശരീരത്തിൽ ഇരിക്കുമ്പോഴേ എന്തെങ്കിലും നന്മ ചെയ്യാൻ കഴിയൂ. മറ്റൊന്നും അറിയില്ലാത്ത ഞങ്ങൾക്ക് എന്റെ ഗുരു പകർന്നു തരുന്ന ആ ദീർഘദർശിവശത്ത് ഇപ്പോഴുള്ളതും കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ കാര്യം കാണാൻ കഴിയും. ഗുരുവുമായിട്ട് ഏതെങ്കിലും സ്വഭാവത്തിലുള്ള ജന്മാന്തരബന്ധം കൊണ്ടോ അല്ലെങ്കിൽ കനിവുകൊണ്ടോ അല്ലെങ്കിൽ അവന്റെ സങ്കല്പം കൊണ്ടോ അതുമല്ലെങ്കിൽ ഈശ്വരഭജന എത്തിച്ചിട്ട് അതിൽ നിന്നു കിട്ടുന്ന പുണ്യം കൊണ്ടോ ഒക്കെയേ അങ്ങനെയുള്ള അനുഭവം വരികയുള്ളൂ. അവളിത്ര ചീത്തയായിട്ടല്ലേ ജീവിക്കുന്നത്, അവനിത്രയും ചീത്തയായിട്ടല്ലേ ജീവിക്കുന്നത്, ഇതിനുവേണ്ടി യാതൊരു വേലയും ചെയ്യാഞ്ഞിട്ടും പിന്നെ എന്തുകൊണ്ടാണ് അവർക്കൊക്കെ ഇതു കിട്ടുന്നതെന്ന് പലർക്കും തോന്നും. അതുകൊണ്ടാണ് ഈ അനുഭവവശം ആരും പരസ്പരം സംസാരിക്കരുതെന്ന് പറയുന്നത്.

അനുഭവവശം പതിനായിരക്കണക്കിനുണ്ട്. അതിൽ ഏതെങ്കിലും ഒരംശം മാത്രമെ സത്യമായി കാണൂ. അതിനെ തിരുത്തിയെടുക്കുന്ന ഗുരുശിഷ്യബന്ധത്തിന്റെ അനുഭവവശമാണ് നിങ്ങളിവിടെ കാണുന്നത്. തന്റെ ഗുരു ആരാണ്, ഇത്രയും മഹാഭാഗ്യം തന്നിട്ട് നീ എവിടെയാണ് നിന്റെ മനുഷ്യജീവിതം കൊണ്ട് എത്തിക്കുന്നത് ഇത് ചിന്തിച്ച് ഓരോരുത്തരും വേണ്ടതുപോലെ പ്രവർത്തിച്ച് എടുത്തുകൊള്ളണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ഗുരുവിന്റെ ബാല്യകാലം

ചിലപ്പോൾ സ്നേഹത്തിൽക്കൂടി സ്വാർത്ഥതയുടെ രസവും ഒഴുകാറുണ്ട്.ഒരു സ്നേഹത്തിൽ മറ്റൊരു സ്നേഹം കൂടി ഒട്ടി നില്ക്കുന്നപോലെ. അവിടെ അനുകമ്പയില്ലായ്മയും ആന്തരിക അലിവില്ലായ്മയും കലർന്ന് സ്നേഹം പാഴായിപ്പോകുന്നു. അങ്ങനെയുള്ള കറക്കത്തിൽപ്പെട്ട് ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന ചിലരുടെയെങ്കിലും നിസ്നേഹത്തിന്റെ അരുചി അനുഭവിക്കാൻ ഇടയാക്കിയ ഒരു സംഭവം കുരീത്തറയിൽ വച്ചുണ്ടായി.

ഡോക്ടറുടെ മൂത്തമകന്റെ സ്വർണ്ണമാല കളവുപോയതാണ് സന്ദർഭം. അന്വേഷണം തകൃതിയായി നടക്കുന്നുണ്ട്. ആ വീടുമായി ബന്ധപ്പെട്ട് കയറിയിറങ്ങി നടക്കുന്ന ഒരു വിഭാഗം ആളുകൾ പറഞ്ഞു പരത്തി, "അതെടുത്തത് മറ്റാരുമല്ല, കരുണൻകുഞ്ഞു തന്നെ"

എന്നാൽ ആ വീട്ടിലെ ഒരാളും അത് വിശ്വസിച്ചില്ല. സ്വർണ്ണമാല വിറ്റിട്ടാണ് കരുണൻകുഞ്ഞ് ഓണത്തിന് എല്ലാവർക്കും ആളാംവീതം പണം കൊടുത്തത്, മറ്റുള്ളവർ ദൃഷ്ടാന്തം നിരത്തി.

ഈ സംഭവം അറിഞ്ഞപ്പോൾ മദ്യപിച്ചു വന്ന ഇളയച്ഛൻ വടിയുമായി വന്ന് കഠിനമായി ചോദ്യം ചെയ്തു. ഗുരു ഇത്ര മാത്രം പറഞ്ഞു:"ഞാൻ എടുത്തിട്ടില്ല. അതെടുത്ത ആളിനെ എനിക്കറിയില്ല."

ഈ സംഭവത്തിന് വേണ്ടത്ര പ്രചാരണം കൊടുത്ത കുബുദ്ധികൾ വീണ്ടും വീണ്ടും അതിന്റെ പേരിൽ ഗുരുവിനെ കുത്തിനോവിച്ചു. ആളുകൾ തന്നെ അപകീർത്തിപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്തിട്ടും ഗുരുവിന് ആരോടും വിദ്വേഷം തോന്നിയില്ല. പക്ഷെ അമ്മാവൻ ഉൾപ്പെടെ തന്നോട് സ്നേഹമുണ്ടെന്ന് കരുതിയവരാരും ഒരു സമാധാനവാക്കു പറയുകയോ സാന്ത്വനപ്പെടുത്തുകയോ ചെയ്തില്ല. ഇത് നിസ്സഹായതയുടെയും അനാഥത്വത്തിന്റെയും അരക്ഷിതബോധത്തിന്റെയും നൊമ്പരം ഉളവാക്കി.

കുരീത്തറ വീട്ടിലെ കാര്യസ്ഥൻ കമ്മത്തിന് സ്വർണ്ണമാല നഷ്ടപ്പെട്ട വഴി അറിയാമായിരുന്നു.പക്ഷെ അയാൾ സത്യം പുറത്തു പറഞ്ഞില്ല. ഗുരു അത് തെളിയിക്കാനും പോയില്ല.

കമ്മത്ത് ഒരു വക്രബുദ്ധിയാണ്. ശ്രീധരൻ ഡോക്ടറുടെ വീട്ടിലെ ഗുരുവിന്റെ ആറു മാസത്തെ ജീവിതത്തിൽ അയാൾക്ക് ഒരു പ്രതിനായകന്റെ റോൾ ആയിരുന്നു. ശ്രീധരൻ ഡോക്ടറുടെ വീട്ടിൽ താൻ കൂലിക്കാണ് ജോലി ചെയ്യുന്നത് എന്ന തോന്നൽപോലും ഗുരുവിനുണ്ടായിരുന്നില്ല. കാശായി എന്തെങ്കിലും കൊടുക്കുമ്പോൾ വാങ്ങാതിരുന്നിട്ടുമില്ല. കർമ്മം ചെയ്യുന്നത് യജമാനനെപ്പോലെ ആയിരിക്കണം. കൂലിക്കുവേണ്ടി കടിപിടി കൂടുന്നത് അടിമത്തമാണ്. നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുക. എത്ര കഷ്ടപ്പെട്ടായാലും അന്തരാത്മാവിന് പരിതോഷം ഉണ്ടാകുന്നത് ചെയ്യുക. എന്തുചെയ്താലും അത് ഈശ്വരാർപ്പണമായി. കർമ്മഫലം ഈശ്വരൻ നല്കട്ടെ. ഇത് ഇളംപ്രായം മുതലേയുള്ള ഗുരുവിന്റെ സന്നിശ്ചയമാണ്.

കർമ്മത്തിൽ മാത്രമെ തനിക്ക് അധികാരമുള്ളൂ. കർമ്മഫലത്തിലില്ല. കാര്യസിദ്ധി ഉണ്ടായാൽ സന്തോഷിക്കരുത്. ഇല്ലെങ്കിൽ സന്തപിക്കുകയും അരുത്. ഈ സമഭാവം, ഈ നിസ്സംഗത കുഞ്ഞുന്നാളിലെ ഉള്ളിൽ വേരുറച്ചിരുന്നു. എന്തെങ്കിലും കിട്ടിയാൽ അതിലും മികച്ചത് കിട്ടാനില്ല എന്ന ബോദ്ധ്യം ഉണ്ടെങ്കിൽ എത്ര ദുർവഹമായ ദു:ഖവും ഉലയ്ക്കുകയില്ലല്ലോ.

കളവുപോയ മാല കളഞ്ഞു കിട്ടിയതായി വരുത്തി കമ്മത്ത് തിരികെ ഏല്പിച്ചു. താൻ കുറ്റവിമുക്തനായല്ലോ എന്നോർത്ത് ഗുരുവിന് അതിൽ തെല്ലും സന്തോഷമുണ്ടായില്ല. ഏതായാലും സംഭവബഹുലമായ ഗുരുവിന്റെ ജീവിത സമരത്തിന്റെ ഒരദ്ധ്യായം കുരീത്തറയിൽ പൂർത്തിയായി.



ഹരിതകേരളം പദ്ധതി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

# 'ഹരിതകേരളം' പദ്ധതിക്ക് തുടക്കമായി

**എജ്യൂക്കേഷൻ സോൺ:** പ്ലാസ്റ്റിക് ശേഖരിച്ച് പ്രകൃതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നടത്തുന്ന ഹരിതകേരളം പദ്ധതിയുടെ ഉദ്ഘാടനം ഓഗസ്റ്റ് 29 ന് നടന്നു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ഒമാൻ മിഡിൽ ഈസ്റ്റ് കോളേജ് ഡീൻ ഡോ. ജി.ആർ. കിരൺ, അഡ്വ. വി. ദേവദത്തൻ എന്നിവരും അദ്ധ്യാപകരും വിദ്യാർത്ഥികളും സംബന്ധിച്ചു. ഓണാവധി ദിവസങ്ങളിൽ പ്ലാസ്റ്റിക് ശേഖരണം നടത്താനാണ് വിദ്യാർത്ഥികൾ ഒരുങ്ങുന്നത്.സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും ഈ പരിപാടിയിൽ പങ്കാളികളാകുമെന്ന് പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി അറിയിച്ചു.



നവപൂജിതദിവസം ശാന്തിഗിരി ക്വയർ അവതരിപ്പിച്ച ഗാനാർച്ചന

# വിശ്വസംസ്കൃതി കലാരംഗം കലാപരിപാടികൾ

**റിസർച്ച് സോൺ:** നവപൂജിത ദിവസം ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ പ്രവർത്തകർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ശ്രദ്ധേയമായി ശാന്തിഗിരി ക്വയർ അവതരിപ്പിച്ച ഗാനങ്ങൾ, ശാന്തിഗിരി ഗുരുകാന്തിയിലെ കുട്ടികൾ അവതരിപ്പിച്ച നൃത്താവിഷ്കാരം- ഭക്തകുചേല- എന്നിവ ഉണ്ടായിരുന്നു. കോഴിക്കോട് ഏരിയയിലെ കലാകാരന്മാരുടെ ഭക്തിഗാനം, സംഘഗാനം, സ്കിറ്റ്, പൂജാ ഡാൻസ് എന്നിവയും ഹരിപ്പാട്ഏരിയയിൽ നിന്നുള്ള കലാകാരന്മാരുടെ നൃത്തം എന്നിവയും നടന്നു.

## ദിവംഗതരായി



ആർ. സുഭദ്രാബായി



കെ. രാജപ്പൻ നായർ

**സേലം:** ശാന്തിഗിരി ആശ്രമം ഡയറക്ടർ ജനനി ഋഷിരത്ന ജ്ഞാനതപസ്വിനിയുടെ അമ്മൂമ്മയും സേലം ഫെയർലാൻഡ്സ് വൃന്ദാവൻ റോഡ് 'ശാന്തിപുഷ്പ'ത്തിൽ ബി. രംഗനാഥന്റെ ഭാര്യയുമായ സുഭദ്രാബായി (87) ഓഗസ്റ്റ് 21 ന് ദിവംഗതയായി. സംസ്കാരം നടന്നു. മക്കൾ: ആർ. ശ്രീനിവാസൻ, ഉമാ ആനന്ദ്, ആർ.ജഗന്നാഥൻ

**ചേർത്തല:** ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് സ്പിരിച്വൽ സോൺ മാനേജർ ആർ. രാധാകൃഷ്ണന്റെ പിതാവ് കടക്കരപ്പള്ളി പൊല്ലാട്ടുനിവർത്തിൽ കെ. രാജപ്പൻ നായർ (85) ഓഗസ്റ്റ് 28 ന് ദിവംഗതനായി.
മറ്റുമക്കൾ: ചന്ദ്രിക, പ്രേമ
മരുമക്കൾ: കെ. രാധാകൃഷ്ണൻ, പി.പി. ഹരികുമാർ.

## പ്രാർത്ഥന ശനിയാഴ്ച

**സ്പിരിച്വൽ സോൺ:** അഭിവന്ദ്യ ശിഷ്യപൂജിതയുടെ മാതാവ് ദിവംഗതയായ പി.എൻ. രത്നമ്മ അമ്മയുടെ പ്രാർത്ഥനാചടങ്ങുകൾ സെപ്റ്റംബർ 9 ശനിയാഴ്ച ആശ്രമത്തിൽ വച്ച് നടക്കും.

## അറിയിപ്പ്

**സ്പിരിച്വൽ സോൺ:** ഈ വർഷത്തെ തിരുവോണദിവസം ആശ്രമത്തിൽ സദ്യ ഉൾപ്പെടെയുള്ള ആഘോഷ പരിപാടികൾ ഉണ്ടായിരിക്കുന്നതല്ലെന്ന് ആശ്രമം ജോയിന്റ് സെക്രട്ടറി അറിയിച്ചു. ആശ്രമം ബ്രാഞ്ചുകൾക്കും ഈ നിർദ്ദേശം ബാധകമായിരിക്കും.

## മാറ്റിവച്ചു

**തിരൂർ:** ശാന്തിഗിരി ആശ്രമം തെയ്യാല ബ്രാഞ്ചിലെ പ്രാർത്ഥനാലയത്തിൽ ഇന്ന് അഭിവന്ദ്യ ശിഷ്യപൂജിത നിർവഹിക്കാനിരുന്ന ഓങ്കാര പ്രതിഷ്ഠാ കർമ്മം മാറ്റിവച്ചതായി ആശ്രമം ബ്രാഞ്ച് ഇൻ ചാർജ് ആദരണീയ സ്വാമി മധുശ്രീ ജ്ഞാനതപസ്വി അറിയിച്ചു.

**സെപ്റ്റംബർ ലക്കം**
**ശാന്തിഗിരി ആദ്ധ്യാത്മിക മാസികയും**
**ആരോഗ്യപത്മവും വിപണിയിൽ**

## വിവാഹിതരായി



കോയമ്പത്തൂർ പെരിയനായ്ക്കൻ പാളയം പിആന്റ്റ്റി കോളനിയിൽ മോഹൻദാസിന്റെ മകൻ മനോജും മധുരൈ ആണ്ടാർ കൊട്ടാരം തീർത്ഥം ഭവനത്തിൽ കനകരാജിന്റെ മകൾ ശശികലയും സെപ്റ്റംബർ ഒന്നിന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



തൃശൂർ കാരമുക്ക് കണ്ടശാംകടവ് മേലേപ്പുര വീട്ടിൽ എം.കെ. ശശിധരന്റെ മകൻ സിജുവും തിരുവനന്തപുരം കരമന മരുതൂർകടവ് ശാന്തിനിലയം ഭവനത്തിൽ കെ. ഉണ്ണിയുടെ മകൾ ദീപ്തിയും സെപ്റ്റംബർ ഒന്നിന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.


ഗുരുചരണം ശരണം

ഓണാശംസകൾ

**ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ & ഫുഡ് സർവ്വീസസ്**

ഓണം പച്ചക്കറിമേളയിലേക്ക്
ഏവർക്കും സ്വാഗതം



**നാടൻ പച്ചക്കറികളും പഴവർഗങ്ങളും മിതമായ വിലയ്ക്ക് ലഭിക്കുന്നു**

# 'നവപൂജിതം' ആഘോഷങ്ങൾ ഭക്തിസാന്ദ്രമായി

(ഒന്നാം പേജിൽ നിന്ന്)

ഉച്ചക്ക് ഗുരുപൂജയും വിവിധ സമർപ്പണങ്ങളും അന്നദാനവും നടന്നു. വൈകുന്നേരം മൂന്നു മണിക്ക് ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്നുവന്ന ശാന്തിഗിരി ഗ്ലോബൽ സ്പിരിചൽ കോൺക്ലേവിന്റെ സമാപനം നടന്നു. ജാതിയുടേയും മതത്തിന്റേയും പേരിൽ ഭിന്നിച്ച് കലഹിക്കുന്ന ഈ ലോകത്ത് സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും സത്യത്തിന്റേയും മതമായിരുന്നു ഗുരുവിന്റേതെന്ന് ദേവസ്വം-സഹകരണ മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമാപനചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. കുടുംബബന്ധങ്ങളുടെ അസ്ഥിരത വെളിപ്പെടുത്തുന്ന നടുക്കുന്ന വാർത്തകളിലൂടെയാണ് നാം ഓരോ ദിവസവും കടന്നുപോകുന്നത്. പരിമിത വൃത്തങ്ങളിൽ പെട്ടുപോകുന്ന കുടുംബങ്ങളാണ് ഇന്ന് കാലം നേരിടുന്ന പ്രധാന പ്രശ്നം. തുരുത്തുകളിൽ ഒറ്റപ്പെട്ട ആളുകളായി ഓരോ വ്യക്തികളും മാറിപ്പോയി. ഇവിടെയാണ് സ്നേഹവും സൗഹൃദവും കുടുംബങ്ങളിൽ നിന്ന് ആരംഭിക്കേണ്ടതെന്ന ഗുരുവാക്കിന്റെ പ്രസക്തി. ജീവിതത്തിന്റെ നൈർമല്യങ്ങളെക്കുറിച്ച് ഗുരു വാചാലനായിരുന്നു. സത്യത്തിലും ധർമ്മത്തിലും ഊന്നിയുള്ള ഗുരുവിന്റെ വാക്കുകൾ ആഗോള ആത്മീയ സമ്മേളനങ്ങളിൽ ഇനിയും ചർച്ചചെയ്യപ്പെടണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരള നിയമസഭ മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച് ചെയർമാൻ പ്രൊഫ. എസ്. ആർ.ഭട്ട് മുഖ്യപ്രഭാഷണം നടത്തി. ധർമ്മത്തെക്കുറിച്ചുള്ള അറിവ് എല്ലാവർക്കും ആവശ്യമാണെന്നും ആത്മീയ ഉദ്ബോധനമാണ് ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ഇത് സാധ്യമാകണമെങ്കിൽ ധർമ്മത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ മനസ്സിലാക്കി ജീവിതം ധർമ്മ മാർഗത്തിൽ കൊണ്ടുവരണം. ഇതിനുവേി മനുഷ്യനെ പരിശീലിപ്പിക്കുന്ന ആത്മീയകേന്ദ്രങ്ങളിൽ ഒന്നാണ് ശാന്തിഗിരിയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ശ്രീലങ്കൻ പാലി യൂണിവേഴ്സിറ്റി ബുദ്ധിസ്റ്റ് സ്റ്റഡീസ് ആന്റ് പാലി വിഭാഗം മേധാവി വെനറബിൾ ഡോ. മൊറഗാലഗാമ ഉപാരാധന, വിയറ്റ്നാം ബുദ്ധ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉപബോധകൻ വെനറബിൾ റ്റിക്ക് റ്റാം ഡ്യൂ, ആർച്ച് ബിഷപ്പ് റവ. തോമസ് മേനാംപറമ്പിൽ, പാളയം ഇമാം വി.പി.സുഹൈദ് മൗലവി എന്നിവർ ചടങ്ങിൽ മഹനീയ സാന്നിധ്യമായി. ഡാർട്ട് മൗത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് പ്രസിഡന്റ് ഡോ.ബൽ റാം സിംഗ്( യു.എസ്.എ), സിഡ്നി യൂണിവേഴ്സിറ്റി പ്രൊഫസർ എച്ച്. എസ്. നസോറിയ (ഓസ്ട്രേലിയ), ഡോ.അലക്സ് ഹാംങ്കേ, ശ്രീഗോകുലം മെഡിക്കൽ കോളേജ് മാനേജിംഗ് ഡയറക്ടർ ഡോ.കെ.കെ. മനോജൻ, ശാന്തിഗിരി ആശ്രമം ഉപദേശകസമിതി സീനിയർ അഡ്വൈസർ ഡോ. കെ.എൻ ശ്യാം പ്രസാദ്, സാംസ്കാരിക വിഭാഗം സീനിയർ ജനറൽ മാനേജർ ഡോ.റ്റി. എസ് സോമനാഥൻ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് അംഗങ്ങളായ വൈ.വി.ശോഭകുമാർ, എസ്. രാധാദേവി , തിരുവനന്തപുരം ജില്ലാ ബി.ജെ.പി. സെക്രട്ടറി എം.ബാലമുരളി, ശാന്തിമഹിമ ഗവേണിംഗ് കമ്മിറ്റി അസിസ്റ്റന്റ് കൺവീനർ എൻ.എം.മനു. ഗുരുമഹിമ ഗവേണിംഗ് കമ്മിറ്റി കോർഡിനേറ്റർ എം.ശരണ്യ എന്നിവർ പ്രസംഗിച്ചു. ശാന്തിഗിരി ആശ്രമം ഉപദേശകസമിതി അംഗവും ഒമാൻ മിഡിൽ ഈസ്റ്റ് യൂണിവേഴ്സിറ്റി ഡീനുമായ ഡോ.ജി.ആർ.കിരൺ സ്വാഗതവും ശാന്തിഗിരി മാതൃമണ്ഡലം ഗവേണിംഗ് കമ്മിറ്റി ഡെപ്പ്യൂട്ടി ജനറൽ കൺവീനർ രേഖാ മധുപാൽ കൃതജ്ഞതയും പറഞ്ഞു.

വൈകുന്നേരം ഏഴു മണിയോടെ ദീപം പ്രദക്ഷിണം ആരംഭിച്ചു. സ്പിരിചൽ സോണിൽ സജ്ജീകരിച്ച യജ്ഞശാലയിൽ നിന്നും ആത്മബന്ധുക്കൾ ഭക്തിപൂർവ്വം ദീപങ്ങൾ ഏറ്റുവാങ്ങി,വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടേയും അകമ്പടിയോടെ ആശ്രമസമുച്ചയം വലംവച്ചു പ്രാർത്ഥിച്ച് ഗുരുപാദങ്ങളിൽ സമർപ്പിച്ചു.

സ്പിരിരിചൽ സോണിൽ നിന്ന് ആരംഭിച്ച ദീപം പ്രദക്ഷിണം നാലാം നമ്പർ ഗേറ്റ് വഴി ആശ്രമത്തിനു മുൻവശത്തുള്ള വീഥിയിലെത്തി രണ്ടാം നമ്പർ ഗേറ്റ് കടന്ന് റിസർച്ച് സോൺ കമ്യൂണിറ്റി ഹാളിനു സമീപത്തുകൂടി ഒന്നാം നമ്പർ ഗേറ്റിൽ എത്തിച്ചേർന്നശേഷം തിരികെ റിസർച്ച് സോൺ വാട്ടർ റിസർവോയറിനു സമീപത്തുകൂടിയുള്ള വഴിയേ മൂന്നാം നമ്പർ ഗേറ്റ് കടന്ന് ആശ്രമത്തിൽ തിരികെ പ്രവേശിച്ചു.തുടർന്ന് പ്രാർത്ഥനയും സമർപ്പണവും.

രാത്രി പത്തു മണിക്ക് ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ കലാപരിപാടികൾ നടന്നു. രാത്രി പതിനൊന്നര മണിക്ക് സന്ന്യാസിസന്ന്യാസിമാരുടെയും നിയുക്തരായവരുടെയും പ്രത്യേക പുഷ്പാഞ്ജലിയും നടന്നു.

2016 മെയ് 21 മുതൽ 2017 സെപ്തംബർ 30 വരെ ഒരു വർഷത്തിലധികം നീണ്ടുനിൽക്കുന്ന നവതി ആഘോഷങ്ങളുടെ സമർപ്പണമായിട്ടാണ് ഈ വർഷത്തെ നവപൂജിതം ആഘോഷം സംഘടിപ്പിച്ചത്.



ശ്രീലങ്കൻ മന്ത്രി വസന്ത സേനാനായകെ


മന്ത്രി കടകംപള്ളി സുരേന്ദ്രൻ


സന്ന്യാസസംഘത്തിന്റെ പുഷ്പസമർപ്പണം


ദീപംപ്രദക്ഷിണത്തിൽ നിന്ന്


ധ്വജാരോഹണം



ഹെൽത്ത് പ്രിവിലേജ് കാർഡ് വിതരണം


അഭിവന്ദ്യ ശിഷ്യപൂജിതയെ ശ്രവിക്കാനെത്തിയ ആത്മബന്ധുക്കൾ